CCM( 12) 2014-15

**വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല**
**കോഓർഡിനേഷൻ സമിതി**

**13.08.2014 ൽ കൂടിയ സംസ്ഥാനതല കോ–ഓർഡിനേഷൻ കമ്മിറ്റിയുടെ യോഗ നടപടിക്കുറിപ്പ്**

യോഗം രാവിലെ 8.00 ന് ബഹു. നഗരകാര്യവകുപ്പുമന്ത്രിയുടെ അദ്ധ്യക്ഷതയിൽ സെക്രട്ടറിയേറ്റിലെ ബഹു. മുഖ്യമന്ത്രിയുടെ കോൺഫറൻസ് ഹാളിൽ ആരംഭിച്ചു.

1. സംസ്ഥാനതല കോഓർഡിനേഷൻ കമ്മിറ്റിയുടെ 06.08.2014–ലെ യോഗ നടപടിക്കുറിപ്പ് അംഗീകരിച്ചു.

**2. പൊതുവിഷയങ്ങൾ**

**2.1** തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ 2014–15 വാർഷിക പദ്ധതിയിൽ 10494 കോടി രൂപ അടങ്കലുള്ള 199624 പ്രോജക്ടുകളുടെ വെറ്റിംഗ് പൂർത്തിയായിട്ടുണ്ടെന്നും, അവയിൽ 9339 കോടി രൂപ അടങ്കലുള്ള 189771 പ്രോജക്ടുകൾക്ക് ജില്ലാ ആസൂത്രണ സമിതികളുടെ അംഗീകാരം ലഭിച്ചിട്ടുണ്ടെന്നും യോഗത്തിൽ റിപ്പോർട്ട് ചെയ്യപ്പെട്ടു. പാലക്കാട് ജില്ലയിലെ 9 ഗ്രാമപഞ്ചായത്തുകളും വയനാട് ജില്ലയിലെ അമ്പലവയൽ ഗ്രാമപഞ്ചായത്തും ഒഴികെയുള്ള സംസ്ഥാനത്തെ എല്ലാ ഗ്രാമപഞ്ചായത്തുകളുടെയും പദ്ധതികൾക്ക് അംഗീകാരം ലഭിച്ചതായി പഞ്ചായത്ത് ഡയറക്ടർ അറിയിച്ചു. ശ്രീകൃഷ്ണപുരം, ദേവികുളം എന്നീ ബ്ലോക്ക് പഞ്ചായത്തുകളുടേതൊഴികെ എല്ലാ ബ്ലോക്ക് പഞ്ചായത്തുകളുടേയും പദ്ധതികൾക്ക് ആസൂത്രണസമിതി അംഗീകാരം ലഭിച്ചതായും യോഗത്തിൽ റിപ്പോർട്ട് ചെയ്യപ്പെട്ടു. വർക്കല, കുന്നംകുളം, കായംകുളം ഒഴികെയുള്ള എല്ലാ മുനിസിപ്പാലിറ്റികളുടെയും, തിരുവനന്തപുരം ഒഴികെയുള്ള എല്ലാ കോർപ്പറേഷനു കളുടെയും പദ്ധതികൾക്ക് അംഗീകാരം ലഭിച്ചതായും നഗരകാര്യ വകുപ്പ് ജോയിന്റ് ഡയറക്ടർ അറിയിച്ചു. ജില്ലാ പഞ്ചായത്തുകളിൽ ആസൂത്രണ സമിതി അംഗീകാരം ലഭ്യമായത് എറണാകുളം,കൊല്ലം, പാലക്കാട് തിരുവനന്തപുരം എന്നി ജില്ലാ പഞ്ചായത്തുകൾക്ക് മാത്രമാണെന്നും യോഗം നിരീക്ഷിച്ചു.

**2.2** 2014 ജൂലൈ 31 നകം പദ്ധതികൾക്ക് അംഗീകാരം നേടാൻ കഴിയാത്ത തദ്ദേശഭരണ സ്ഥാപനങ്ങളെ സംബന്ധിച്ച് അതത് വകുപ്പുമേധാവികൾ അന്വേഷണം നടത്തി കാലതാമസത്തിന് കാരണങ്ങൾ കണ്ടെത്തി റിപ്പോർട്ട് സമർപ്പിക്കേണ്ടതാണെന്നു നിശ്ചയിച്ചു തീരുമാനിച്ചു.

**2.3** ഓപ്പണിംഗ് ബാലൻസ് ക്രമീകരിക്കാൻ ഒട്ടേറെ അവസരങ്ങൾ തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് നൽകിയെങ്കിലും ചിലയിടങ്ങളിൽ ഇപ്പോഴും പൂർത്തീകരിച്ചി ട്ടില്ലെന്നും അത് പദ്ധതി രൂപീകരണ പ്രക്രിയയെ ബാധിച്ചിട്ടുണ്ടെന്നും യോഗം നിരീക്ഷിച്ചു. ഓരേ തദ്ദേശഭരണ സ്ഥാപനത്തിന്റെ അക്കൗണ്ടുകൾ സുലേഖ, സാംഖ്യ സോഫ്ട് വെയർ പ്രകാരമുള്ള കണക്കുകളിലും ട്രഷറി കണക്കുകളിലും വ്യത്യസ്തമായിരിക്കുന്ന സ്ഥിതിയാണ് ഇപ്പോഴുള്ളതെന്നും പ്രോജക്ട് അടിസ്ഥാന ത്തിൽ മാത്രമാണ് സുലേഖയും സാംഖ്യയും തമ്മിൽ ഉദ്ഗ്രഥനം ഉള്ളതെന്നും യോഗത്തിൽ വ്യക്തമാക്കപ്പെട്ടു. സാംഖ്യ, വെബ് അധിഷ്ഠിതമാക്കുന്നതിനുള്ള കാലതാമസത്തെക്കുറിച്ചും സാംഖ്യ അക്കൗണ്ടിന്മേലുള്ള മറ്റു പ്രശ്നങ്ങളെ ക്കുറിച്ചും സ്റ്റേറ്റ് പെർഫോർമൻസ് ഓഡിറ്റ് ഓഫീസർ സവിശേഷ ശ്രദ്ധ ചെലുത്തേണ്ടതാണെന്നും ഐ.കെ.എം. ഡയറക്ടറും ബന്ധപ്പെട്ട മറ്റ് ഐ.കെ.എം. ഉദ്യോഗസ്ഥൻമാരുമായി ചർച്ച ചെയ്ത് പരിഹാര മാർഗങ്ങൾ തേടുന്നതിന് യോഗം സ്റ്റേറ്റ് പെർഫോർമൻസ് ഓഡിറ്റ് ഓഫീസറെ ചുമതലപ്പെടുത്തി.

**2.4** 2014–15 പദ്ധതി നിർവഹണം സംബന്ധിച്ച് താഴെക്കൊടുത്തിരിക്കുന്ന പ്രകാരമുള്ള സമയക്രമം (കലണ്ടർ) നിശ്ചയിച്ചു. സാങ്കേതിക അനുമതി ആവശ്യമില്ലാത്ത പ്രോജക്ടുകളെ സംബന്ധിച്ചിടത്തോളം ഡെപ്പോസിറ്റുകൾ, അഡ്വാൻസ്, വിവിധ ഭവന പദ്ധതികൾക്കുള്ള തുക എന്നിവ 30.09.2014–നകം കൊടുക്കേണ്ടതാണെന്ന് തീരുമാനിച്ചു. സാങ്കേതിക അനുമതി ആവശ്യമുള്ള പ്രോജക്ടുകളെ സംബന്ധിച്ചിടത്തോളം 30.09.2014നകം സാങ്കേതികാനുമതി ലഭ്യമാക്കണമെന്നും ടെണ്ടർ നടപടികൾ 15.10.2014–നകം പൂർത്തീകരിക്കണമെന്നും ഉടമ്പടികൾ 31.10.2014–ന് മുമ്പ് വയ്ക്കണമെന്നും തീരുമാനിച്ചു. ഗുണഭോക്തൃ സമിതികളുടെ രൂപീകരണം 25.09.2014–ന് മുമ്പ് പൂർത്തീകരിക്കണമെന്നും അവയുമായുള്ള കരാർ 15.10.2014–നകം വയ്ക്കേണ്ടതാണെന്നും തീരുമാനിച്ചു. വ്യക്തിഗത ഗുണഭോക്താക്കളെ തെരഞ്ഞെടുത്ത് അന്തിമ ലിസ്റ്റ് നിർവഹണ ഉദ്യോഗസ്ഥന്മാർക്ക് 30.09.2014–നകം കൈമാറേണ്ടതാണെന്നും യോഗം തീരുമാനിച്ചു. 30.09.2014–നകം സാങ്കേതികാനുമതി നൽകുന്നതിനുവേണ്ട നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് എൽ.എസ്.ജി.ഡി. ചീഫ് എഞ്ചിനീയർ റിപ്പോർട്ട് ചെയ്തു.

**2.5** പഞ്ചായത്തുകളിലെ അസിസ്റ്റന്റ് സെക്രട്ടറിമാർക്ക് ഡി.ഡി.ഒ കോഡ് നൽകുന്ന വിഷയവും ടെക്നിക്കൽ അസിസ്റ്റന്റ്മാരുടെ കാലാവധി ദീർഘിപ്പിക്കുന്ന വിഷയവും ധനകാര്യ വകുപ്പിന്റെ പരിഗണനയിലാണെന്ന് യോഗം നിരീക്ഷിച്ചു.

**2.6** സേവാഗ്രാം ഗ്രാമകേന്ദ്രങ്ങൾക്ക് പ്രവർത്തനച്ചട്ടം തയ്യാറാക്കുന്നതിന് ടീം രൂപീകരിക്കണമെന്നുള്ള കിലയുടെ ആവശ്യപ്രകാരം പ്ലാനിംഗ് ബോർഡ് അംഗം ശ്രി.സി.പി.ജോൺ പഞ്ചായത്ത് ഡയറക്ടർ, പെർഫോർമൻസ് ഓഡിറ്റ് ഓഫീസർ, പഞ്ചായത്ത് വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറി, എസ്.ആർ.ജി അംഗം എന്നിവരുൾപ്പെട്ട ടീം രൂപീകരിക്കുന്നതിനും തീരുമാനിച്ചു.

**2.7** ബ്ലോക്ക് പഞ്ചായത്തുകൾക്ക് പ്രോജക്ടുകൾ ഏറ്റെടുക്കുന്നതിന് പരിധികൾ ഉണ്ടെന്ന പരാതി ത്രിതല പഞ്ചായത്ത് അസോസിയേഷനുകളുമായി ചർച്ച ചെയ്ത് റിപ്പോർട്ട് സമർപ്പിക്കാൻ 09.04.2014–ലെ കോഓർഡിനേഷൻ സമിതി യോഗം ആസൂത്രണ ബോർഡ് അംഗം ശ്രീ .സി.പി. ജോണിനെയും , സ്റ്റേറ്റ് പെർഫോർമൻസ് ഓഡിറ്റ് ഓഫീസറെയും ചുമതലപ്പെടുത്തിയതിൻപ്രകാരമുള്ള റിപ്പോർട്ട് യോഗം ചർച്ച ചെയ്ത് താഴെക്കൊടുത്തിക്കുന്ന നിർദ്ദേശങ്ങൾക്ക് അംഗീകാരം നൽകി.

1) 18.08.2012–ലെ മാർഗരേഖ ഉത്തരവ് പ്രകാരം തീരപ്രദേശങ്ങളിലും പട്ടിക ജാതി കോളനികളിലും 6 മീറ്റർ വിതീയുള്ള റോഡുകളും മറ്റിടങ്ങളിൽ 8 മീറ്റർ വീതിയുള്ള റോഡുകളും ബ്ലോക്ക് പഞ്ചായത്തുകൾ ഏറ്റെടുത്ത് മെച്ചപ്പെടുത്താമായിരുന്നു. അത് 16.11.2013–ലെ ഉത്തരവ് പ്രകാരം നിരോധിച്ചു എന്നു പറയുന്ന പരാതി ശരിയല്ല. 18.08.2012–ലെ ഉത്തരവ് പ്രകാരം ബ്ലോക്ക് പഞ്ചായത്തുകൾക്ക് റോഡ് ഏറ്റെടുക്കാമെന്നതിൽ സ്പഷ്ടീകരണം നൽകാവുന്നതാണ്.

2) കാർഷിക വികസന മേളകളും വ്യാവസായിക പ്രദർശനങ്ങളും ഉത്പാദന പരമല്ലാത്ത മേളകളിലും ഉത്സവങ്ങളിലും ഉൾപ്പെടുന്നവയല്ല എന്ന് കോഓർഡിനേഷൻ കമ്മിറ്റി യോഗങ്ങളിൽ വ്യക്തത വരുത്തിയിട്ടുണ്ട്.

3) 18.08.2013–ലെ ഉത്തരവ് പ്രകാരം കർഷക സംഘങ്ങൾക്ക് കാർഷിക ഉപകരണങ്ങൾ വാങ്ങി നൽകൽ, ക്ഷീര കർഷക സംഘങ്ങൾക്ക് കാലിത്തീറ്റ വിതരണം, മാനസിക വെല്ലുവിളികൾ നേരിടുന്നവർക്ക് ഉപകരണങ്ങൾ നൽകൽ എന്നിവ ബ്ലോക്ക് പഞ്ചായത്തുകൾക്ക് ഏറ്റെടുക്കാമായിരുന്നു. 16.11.2013–ലെ ഉത്തരവ് പ്രകാരം ഇവ ഗ്രാമപഞ്ചായത്തുകളുടെ ചുമതലയാക്കി നിജപ്പെടുത്തിയിരുന്നു. ഇരട്ടിപ്പ് ഒഴിവാക്കുന്നതിനായാണ് ഗ്രാമപഞ്ചായത്തുകൾ മുഖേന വിതരണം ചെയ്യാമെന്നും തീരുമാനിച്ചത്. എന്നാൽ ജില്ലാ ബ്ലോക്ക് പഞ്ചായത്തുകൾക്ക് സംയുക്ത പ്രോജക്ടായി വിഹിതം നൽകാവുന്നതാണ്.

4) കുടിവെള്ള പദ്ധതി, വൈദ്യുതി ലൈൻ നീട്ടൽ എന്നിവ ബ്ലോക്ക് പഞ്ചായത്തുകൾക്ക് ഏറ്റെടുക്കാം. എന്നാൽ ബന്ധപ്പെട്ട ഗ്രാമപഞ്ചായത്തുകളുടെ സമ്മതത്തോടു കൂടിയായിരിക്കണം ഇവ ഏറ്റെടുക്കേണ്ടത്.

5) എസ്.സി.പി, റ്റി.എസ്.പി, വനിത ഘടക പദ്ധതി, വൃദ്ധർ, ഭിന്നശേഷിയുള്ളവർ, ശിശുക്കൾ എന്നിവർക്കായുള്ള പദ്ധതി എന്നീ മേഖലകളിൽ ബ്ലോക്ക് പഞ്ചായത്തുകൾക്ക് വ്യക്തിഗത ഗുണഭോക്താക്കൾക്ക് ആനുകൂല്യം നൽകാമെങ്കിലും ഗുണഭോക്താക്കളുടെ ലിസ്റ്റ് ഗ്രാമസഭ അംഗീകരിച്ച് ഗ്രാമപഞ്ചായത്ത് നൽകുന്നതായിരിക്കണം

6) ഐ.എ.വൈ. വിഹിതം നിർബന്ധമായും മാറ്റി വച്ചതിനുശേഷം മാത്രമേ മുകളിൽ പറഞ്ഞ ഏതൊരു പദ്ധതിയും ഏറ്റെടുക്കാവൂ.

**3 പ്രത്യേക വിഷയങ്ങൾ**

**3.1 കുണ്ടറ ഗ്രാമപഞ്ചായത്ത് (ഫയൽ നം.31687/ഐ.എ2/14/തസ്വഭവ)**

കുണ്ടറ ഗ്രാമപഞ്ചായത്ത് KURDFCയിൽ അടച്ചു തീർക്കാൻ ബാക്കിയുള്ള 2058426 രൂപ പദ്ധതി വിഹിതത്തിൽ നിന്നും കുറവ് ചെയ്ത് KURDFCക്ക് നൽകണമെന്ന ഗ്രാമപഞ്ചായത്തിന്റെ ആവശ്യത്തിന്മേൽ പശ്ചാത്തല മേഖലയിലെ വിഹിതത്തിൽ നിന്നും പഞ്ചായത്തിന് നേരിട്ട് അടവാക്കാൻ അനുവദിച്ച് തീരുമാനിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3. 2 ഇടുക്കി ജില്ലാ പഞ്ചായത്ത് (ഫയൽ നം.45248/ഡി.ബി.3/14/തസ്വഭവ)**

ഇടുക്കി ജില്ലാ പഞ്ചായത്ത് 1997–98 വർഷം പണികഴിപ്പിച്ച മോഡൽ റസിഡൻഷ്യൽ സ്കൂളിനായുള്ള കെട്ടിടത്തിന് എത്ര രൂപ ചെലവായി, റ്റി.എസ്.പി. ഫണ്ട് ഉപയോഗിച്ചിട്ടുണ്ടോ, കെട്ടിടം ഒഴിഞ്ഞു കിടക്കാൻ കാരണമെന്ത്, ഇപ്പോഴത്തെ സ്ഥിതി എന്ത് തുടങ്ങിയ കാര്യങ്ങളും പുതുതായി ഏറ്റെടുക്കാൻ ഉദ്ദേശിക്കുന്ന പ്രോജക്ടിന്റെ വിശദ വിവരങ്ങളും ലഭ്യമാക്കാൻ നിർദ്ദേശിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3. 3 ഓച്ചിറ ബ്ലോക്ക് പഞ്ചായത്ത് (ഫയൽ നം.50868/ഡി.എ2/14/തസ്വഭവ),**

**(ഫയൽ നം.51155/ഡി.ഡി2/14/തസ്വഭവ)**

ഓച്ചിറ ബ്ലോക്ക് പഞ്ചായത്ത് 2014–15 വർഷം നടപ്പാക്കാനുദ്ദേശിക്കുന്ന ബഹുവിളക്കൃഷി, സമഗ്ര നെൽക്കൃഷി വികസനം എന്നിവ അംഗീകരിക്കാൻ തീരുമാനിച്ചു. ഐ.എ.വൈ വിഹിതം നിർബന്ധമായും വകയിരുത്തണമെന്നും നിർദ്ദേശിച്ചു. ഇൻഡോർ സ്റ്റേഡിയം, സൗരോർജ്ജ വിളക്കുകൾ എന്നിവ അംഗീകരിക്കേണ്ടതില്ലെന്നും തീരുമാനിച്ചു.വിവിധ ബ്ലോക്ക് പഞ്ചായത്തുകളിൽ സൗരോർജ്ജ വിളക്കുകളും ഹൈമാസ്റ്റ് വിളക്കുകളും സ്ഥാപിച്ചതിന്റെ നിലവിലെ സ്ഥിതി ഗ്രാമവികസന കമ്മീഷണർ റിപ്പോർട്ട് ചെയ്യണമെന്നും നിർദ്ദേശിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.4 ലോക്കൽ ഫണ്ട് ഓഡിറ്റ് സമാഹൃത റിപ്പോർട്ട്**

**(ഫയൽ നം.45023 /ഡി.ബി2/14/തസ്വഭവ)**

തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ മാർഗരേഖയിൽ നിന്നുമുള്ള വ്യതിയാനങ്ങളെ സംബന്ധിച്ച് വിശദമായ ചർച്ചയ്ക്കായി മാറ്റി വച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.5 പാലക്കാട് ജില്ലാ കളക്ടറുടെ കത്ത് (ഫയൽ നം.45641/ഡി.ബി3/14/തസ്വഭവ), (ഫയൽനം.45255/ഡി.എ1/14/തസ്വഭവ)**

2014–15 വാർഷിക പദ്ധതിരേഖ ജില്ലാ ആസൂത്രണ സമിതിക്ക് സമർപ്പിക്കാനുള്ള തീയതി ദീർഘിപ്പിക്കുന്നത് ഇപ്പോൾ പ്രസക്തമല്ലാത്തതിനാൽ പരിഗണിക്കേണ്ടതില്ലെന്ന് തീരുമാനിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.6പരപ്പ ബ്ലോക്ക് പഞ്ചായത്ത് (ഫയൽ നം.51381/ഡി.ഡി.2/14/തസ്വഭവ)**

അംഗനവാടികൾക്ക് കളിയുപകരണങ്ങൾ വാങ്ങി നൽകിയത്, കളിയൂഞ്ഞാൽ പദ്ധതി നടപ്പിലാക്കൽ എന്നിവ സംബന്ധിച്ച് ഗ്രാമവികസന കമ്മീഷണറുടെ റിപ്പോർട്ട് ലഭ്യമാക്കാൻ തീരുമാനിച്ചു. സ്വന്തമായി കെട്ടിടം ഉള്ളവയാണോ ഈ അംഗനവാടികൾ എന്ന് പരിശോധിക്കാനും നിർദ്ദേശിച്ചു തീരുമാനിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.7 തൃശൂർ ജില്ലാ പഞ്ചായത്ത് (ഫയൽ നം.49919/ഡി.ബി3/14/തസ്വഭവ)**

ജില്ലാ പഞ്ചായത്ത്, ഗ്രാമപഞ്ചായത്തുകൾക്ക് വാഹനം വാങ്ങി നൽകുന്ന പദ്ധതി അംഗീകരിക്കണമെന്ന ആവശ്യത്തിന്മേൽ, പാലിയേറ്റീവ് കെയർ ആവശ്യത്തിന് വാഹനം വാടകയ്ക്കെടുക്കുന്നതാണ് ഉചിതമെന്ന് തീരുമാനിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.8 അടൂർ നഗരസഭ (ഫയൽ നം.50452/ഡി.ബി1/14/തസ്വഭവ)**

തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ വഴി നൽകുന്ന ഭവനങ്ങൾ പണയപ്പെടുത്തി വായ്പയെടുക്കാൻ അനുവദിക്കണമെന്ന ആവശ്യത്തിന്മേൽ ഷെഡ്യൂൾഡ് ബാങ്കുകൾ, പൊതുമേഖലാ ബാങ്കുകൾ. സഹകരണ ബാങ്കുകൾ എന്നിവിടങ്ങളിൽ നിന്ന് വായ്പയെടുക്കാൻ അനുവദിച്ചു തീരുമാനിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.9 ഒതുക്കുങ്ങൽ ഗ്രാമപഞ്ചായത്ത് ബഹു. വ്യവസായ ഐ.ടി. വകുപ്പുമന്ത്രി മുഖേന സമർപ്പിച്ചത് (ഫയൽനം. 41214/ഡി.ബി.3/14/തസ്വഭവ)**

ഗ്രാമപഞ്ചായത്തിന്റെ വക ജീപ്പ് പ്രാഥമികാരോഗ്യകേന്ദ്രത്തിനു നൽകാനും പഞ്ചായത്തിന്റെ ആവശ്യത്തിന് പുതിയ വാഹനം വാങ്ങാനുള്ള ഗ്രാമപഞ്ചായത്തിന്റെ ആവശ്യം അംഗീകരിച്ചു തീരുമാനിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.10 കളമശ്ശേരി മുനിസിപ്പാലിറ്റി (ഫയൽ നം. 50626/എഫ്.എം.2/14/തസ്വഭവ)**

കൊച്ചിൻ ചിൽഡ്രൻസ് സയൻസ് സിറ്റിയുടെ ഭാഗമായുള്ള ത്രില്ലേറിയം നിർമ്മാണത്തിന് പി.ഡബ്ല്യൂ.യു.ഡി. മാന്വൽ പ്രകാരമുള്ള വ്യക്തമായ കരാറിന്റെ അടിസ്ഥാനത്തിൽ മുൻകൂർ തുക നൽകുന്നതിന് നിർദ്ദേശിച്ച് തീരുമാനിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.11 കോന്നി ഗ്രാമപഞ്ചായത്ത് ബഹു. റവന്യൂ, കയർ വകുപ്പുമന്ത്രി മുഖേന സമർപ്പിച്ചത്**

കോന്നി. ഗ്രാമപഞ്ചായത്ത് 2014–15 വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി കോന്നി ആലോലിക്കുഴി ശിശു സൗഹൃദ സെന്റർ നിർമ്മാണത്തിനു അനുവദിക്കണമെന്ന യാവശ്യത്തിൽ 06.08.2014–ലെ കോഓർഡിനേഷൻ കമ്മിറ്റിയോഗം 2.5 ഇനമായി കാലയളവ് 30/09/14 വരെ ദീർഘിപ്പിച്ചിട്ടുണ്ടെന്ന് നിരീക്ഷിച്ചു തീരുമാനിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.12 കൂത്താട്ടുകുളം ഗ്രാമപഞ്ചായത്ത്**

പ്രൊഫഷണൽ കോഴ്സുകളിൽ പഠിക്കുന്ന എസ്.സി. എസ്.റ്റി കുട്ടികൾക്ക് ലാപ്ടോപ് നൽകാൻ കോഓർഡിനേഷൻ കമ്മിറ്റി തീരുമാനമുള്ളതാണെന്നും പഠനോപകരണങ്ങൾ നൽകുന്നതിന് മാർഗരേഖയിൽ വ്യവസ്ഥയുള്ളതാണെന്നും നിരീക്ഷിച്ചു. സ്ക്കൂൾ വഴി എസ്.എസ്.എൽ.സി. വിദ്യാർത്ഥികൾക്ക് സൈക്കിൾ വിതരണം ചെയ്യാൻ നിലവിൽ തീരുമാനമുള്ളതാണെന്നും നിരീക്ഷിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.13 തളിപ്പറമ്പ് എം.എൽ.എ ശ്രീ. ജെയിംസ് മാത്യുവിന്റെ കത്ത്**

ക്ഷീരോത്പാദന മേഖലയുമായി ബന്ധപ്പെട്ട ബഹു.എം.എൽ.എയുടെ നിർദ്ദേശങ്ങളിൽമേൽ വകുപ്പുതല തീരുമാനമെടുക്കേണ്ട താണെന്ന് തീരുമാനിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.14 ബഹു. ജലവിഭവ വകുപ്പുമന്ത്രിയുടെ കത്ത്**

ലക്ഷം വീട് കോളനി റോഡ് പൂർത്തീകരിക്കാൻ 06.08.2014–ലെ കോഓർഡിനേഷൻ കമ്മിറ്റിയോഗം 2.2 ഇനം തീരുമാനപ്രകാരം നടപടി ഏടുക്കാവുന്നതാണെന്ന് നിർദ്ദേശിച്ച് തീരുമാനിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.15 പരപ്പ ബ്ലോക്ക് പഞ്ചായത്ത്**

മുട്ടക്കോഴി വിതരണം, ആടു വിതരണം എന്നിവ ബ്ലോക്ക് പഞ്ചായത്തിന്റെ അധികാര പരിധിയിലുള്ള വിഷയമല്ലാത്തതിനാൽ നിരസിച്ചു തീരുമാനിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.16 ഇളംദേശം ബ്ലോക്ക് പഞ്ചായത്ത്**

ഓപ്പൺ സ്റ്റേജ്, ഡൈനിംഗ് ഹാൾ എന്നിവയുടെ നിർമ്മാണങ്ങൾ അംഗീകരിക്കേണ്ടതില്ലെന്നും, റോഡ് നിർമ്മാണത്തിന് 06.08.2014–ലെ കോഓർഡിനേഷൻ കമ്മിറ്റി യോഗം 2.2 തീരുമാനമനുസരിച്ച് നടപടി എടുക്കാനും നിർദ്ദേശിച്ചു തീരുമാനിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.17 വാകത്താനം ഗ്രാമപഞ്ചാത്ത്**

യഥാസമയം എഗ്രിമെന്റ് വയ്ക്കുവാൻ കഴിയാത്ത ഗുണഭോക്താക്കൾ ഉൾപ്പെടുന്ന സ്പിൽഓവർ പ്രോജക്ടുകൾക്ക് എഗ്രിമെന്റ് വയ്ക്കാൻ അനുവദിക്കണമെന്ന ആവശ്യം വകുപ്പുതലത്തിൽ തീരുമാനിക്കാൻ നിർദ്ദേശിച്ചു തീരുമാനിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.18 ചിറ്റുമല ബ്ലോക്ക് പഞ്ചായത്ത്**

എൻട്രൻസ് കോച്ചിംഗിനുള്ള അർഹത സംബന്ധിച്ച വ്യവസ്ഥയിൽ പ്രായപരിധി ബാധകമാക്കേണ്ടതില്ലെന്ന് തീരുമാനിച്ചു. ആടുവളർത്തൽ, വാഴക്കൃഷി എന്നിവ അംഗീകരിക്കേണ്ടതില്ല എന്നും തീരുമാനിച്ചു. പ്രൊഫഷണൽ വിദ്യാർത്ഥികൾക്ക് കമ്പ്യൂട്ടർ/ലാപ്ടോപ് എന്നിവ നൽകാൻ ഇപ്പോൾ തന്നെ വ്യവസ്ഥയുണ്ടെന്ന് നിരീക്ഷിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.19 പാലക്കാട് ജില്ലാ പഞ്ചായത്ത്**

BRGF പ്രവൃത്തികളുടെ പെയ്മെന്റിന് താത്ക്കാലികമായി തനത് ഫണ്ടിൽ നിന്ന് 1 കോടി രൂപ ഉപയോഗിക്കാനുള്ള ആവശ്യം പഞ്ചായത്തിന്റെ നിത്യനിദാന ചെലവുകൾക്കുള്ള ഫണ്ടിന്റെ ലഭ്യത ഉറപ്പാക്കി താത്ക്കാലികമായി ഉപയോഗി ക്കാൻ അനുമതി നൽകി തീരുമാനിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.20 ഗ്രാമവികസന കമ്മീഷണറുടെ കത്ത്**

തൃശൂർ ജില്ലയിൽ 2014 ആഗസ്റ്റ് 26 മുതൽ സെപ്തംബർ 6 വരെ നടത്തുന്ന സരസ് മേളയ്ക്ക് ജില്ലാ പഞ്ചായത്ത് 5 ലക്ഷം രൂപയും ജില്ലയിലെ 16 ബ്ലോക്ക് പഞ്ചായത്തുകളിൽ നിന്ന് 1 ലക്ഷം രൂപ വീതവും ജനറൽ പർപ്പസ് ഗ്രാന്റിൽ നിന്നും നൽകുന്നതിന് യഥേഷ്ടാനുമതി നൽകി തീരുമാനിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.21 എൽ.എസ്.ജി.ഡി. ചീഫ് എഞ്ചിനീയറുടെ കത്ത്**

ഉത്തര മേഖലാ സൂപ്രണ്ടിംഗ് എഞ്ചിനീയറുടെ ഓഫീസിന്റെ അറ്റകുറ്റപ്പണി നടപ്പാക്കുന്നതിന് കോഴിക്കോട് ജില്ലാ പഞ്ചായത്തിന്റെയോ കോർപ്പറേഷന്റെയോ പദ്ധതിയിൽ പ്രോജക്ട് ഉൾപ്പെടുത്താൻ അനുവദിച്ച് തീരുമാനിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.22 കൊണ്ടോട്ടി ബ്ലോക്ക് പഞ്ചായത്ത്**

ബ്ലോക്ക് പഞ്ചായത്ത് 10 മെഷീനോടുകൂടി ആരംഭിക്കുന്ന ശിഹാബ് തങ്ങൾ ഡയാലിസിസ് സെന്ററിന്റെ പ്രവർത്തനത്തിന് ബ്ലോക്ക് പഞ്ചായത്ത് പരിധിയിലുള്ള കൊണ്ടോട്ടി, ചെറുകാവ്, വാഴയൂർ, ചേലേമ്പ്ര, പള്ളിക്കൽ, വാഴക്കാട്, മുതുവല്ലൂർ, നെടിയിരിപ്പ്, പുളിക്കൽ എന്നീ 9 ഗ്രാമ പഞ്ചായത്തുകളിൽ നിന്നും തനത് ഫണ്ടിൽ നിന്നും 1 ലക്ഷം രൂപയിൽ കവിയാതെയുള്ള തുക സംഭാവന നൽകുന്നതിന് യഥേഷ്ടാനുമതി നൽകി തീരുമാനിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**(യോഗം രാവിലെ 9.30–ന് അവസാനിച്ചു)**

***അടുത്ത കോഓർഡിനേഷൻ കമ്മിറ്റിയോഗം 20.08.2014 രാവിലെ 8 മണിക്ക് ബഹു.മുഖ്യമന്ത്രിയുടെ കോൺഫറൻസ് ഹാളിൽ കൂടുന്നതാണ്.***